**പ്രൊഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 220**

# നാം തെറ്റിദ്ധരിച്ചിരിക്കുന്നു

ഓം ശ്രീ സായി രാം.

പ്രശാന്തി സന്ദേശം ഉപാഖ്യാനം 220.

നിങ്ങളുടെ സമയത്തിനും ഞങ്ങളുടെ പ്രഭാഷണം കേൾക്കുന്നതിനും നന്ദി. ഭഗവാന്റെ കൃപകൊണ്ട്, ഇവ നിരവധി ഭക്തരുടെ ശ്രദ്ധ നേടുന്നു, ധാരാളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതായി അവർ പറയുന്നു. ഞങ്ങൾ ഒരു ടീമായിട്ടാണ് ഈ സേവ ചെയ്യുന്നത്, ഞങ്ങൾ ഇതിനെ സേ വയായി കരുതുന്നു എന്തെന്നാൽ, ഇതെല്ലാം സ്വാമിയുടെ കൃപയാണ്, ഇതിന്റെ ക്രഡിറ്റ് നിങ്ങൾക്കാണ്, ഞങ്ങളുടെ സജീവ ശ്രോതാക്കളായ ഭക്തർക്കാണ്. നിങ്ങൾക്ക് നന്ദി! ഭഗവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!

ഇന്നത്തെ വിഷയം ഇതാണ്: 'നാം തെറ്റിദ്ധരിച്ചിരിക്കുന്നു.' എവിടെയാണ് നാം തെറ്റിദ്ധരിച്ചിരിക്കുന്നത്? എന്തുകൊണ്ടാണ് നാം തെറ്റിദ്ധരിച്ചിരിക്കുന്നത്? എന്തുകൊണ്ട്? ഈ പോഡ്കാസ്റ്റിൽ ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങൾ ഇവയാണ്.

നാം മിക്കപ്പോഴും 'അന്ത:കരണം' എന്ന സംസ്കൃതപദം ഉപയോഗിക്കാറുണ്ട്.




'അന്ത:കരണം' conscience ആണ്. പക്ഷേ നാം അന്ത:കരണം എന്നു വിളിക്കുന്നത് ശരിക്കുള്ള അന്ത:കരണം അല്ല, അതുകൊണ്ട് ശരിക്കുള്ള അന്ത:കരണം എന്താണെന്ന് നമുക്കറിയില്ല. ഇവിടെയാണ് നമുക്ക് തെറ്റിദ്ധാരണയുള്ളത്. നാം അന്ത:കരണം എന്ന് എന്തിനെയോ ധരിച്ചിരിക്കുന്നു, പക്ഷേ അതല്ല യഥാർത്ഥ അന്ത:കരണം. ഇതെന്തുകൊണ്ട്, എങ്ങനെ സംഭവിക്കുന്നു എന്ന് നമുക്ക് വിശകലനം ചെയ്യാം, യാഥാർത്ഥ്യത്തിലേക്ക് നാം നോക്കുന്നതിനു മുമ്പേ.

അന്ത:കരണം എന്നതുകൊണ്ട് എന്താണ് നിങ്ങൾ കരുതുന്നത്? ഒരു മനുഷ്യൻ മോഷ്ടിക്കുന്നു. അയാളുടെ ഉള്ളിലിരുന്ന് ആരോ പറയുന്നു, "മോഷ്ടിക്കരുത്. മോഷണം തെറ്റാണ്." ഒരാൾ മാംസം കഴിക്കുന്നു, അയാളുടെ ഉള്ളിലിരുന്ന് ആരോ

പറയുന്നു, "മാംസം കഴിക്കരുത്. അത് മോശമാണ്." ഒരു മനുഷ്യൻ പബ്ബിലിരുന്ന് മദ്യപിക്കുന്നു. അയാളുടെ ഉള്ളിലിരുന്ന് എന്തോ പറയുന്നു, "മദ്യം കഴിക്കരുത്." ഈ ശബ്ദമാണ് നിങ്ങൾ അന്തഃകരണം, മനഃസാക്ഷി(conscience) എന്നൊക്കെ വിളിക്കുന്നത്. ഈ ശബ്ദത്തെയാണ് നിങ്ങൾ 'ഉൾവിളി'(inner voice) എന്നു പറയുന്നത്.

എന്നാൽ ഇതല്ല യഥാർത്ഥമായ കാര്യം! ഇത് നിങ്ങളിലുള്ള സമൂഹത്തിന്റെ ശബ്ദമാണ്. ഇത് നിങ്ങളുടെ സ്വന്തം ശബ്ദമല്ല. ഇത് നിങ്ങളുടെ സ്വന്തം അന്തരാത്മാവിന്റെ ശബ്ദമല്ല. ഇത് സമൂഹത്തിന്റെ ശിക്ഷണമാണ്. അപ്പോൾ, നിങ്ങളൊരു വെജിറ്റേറിയൻ കുടുംബത്തിലാണ് ജനിച്ചതെങ്കിൽ, നിങ്ങളുടെ ചെറുപ്പം മുതൽക്കേ 'മാംസം കഴിക്കുന്നത് തെറ്റാണ്, അത് പാപമാണ്' എന്ന് നിങ്ങൾ കേട്ടിട്ടുണ്ടെങ്കിൽ, എങ്കിൽ മാത്രമേ നിങ്ങൾ മാംസഭക്ഷണം കഴിക്കുമ്പോൾ നിങ്ങൾക്കുള്ളിൽ ഈ ശബ്ദം കേൾക്കൂ. അതെ, നിങ്ങൾക്കുള്ളിൽ ഈ ശബ്ദം മുഴങ്ങും, 'ഇത് മോശമാണ്. ഇത് പാപമാണ്, ഇത് ചെയ്യാതിരിക്കൂ.'

ഇത് യഥാർത്ഥ ഉൾവിളിയല്ല എന്തെന്നാൽ, ഒരു നോൺ-വെജിറ്റേറിയൻ കുടുംബത്തിൽ ജനിച്ച ഒരാൾ ഇപ്രകാരം ഒരു ശബ്ദം അയാളോട് പറയുന്നതായി കേൾക്കില്ല. ഇതാണ് അന്തഃകരണം എന്ന് നിങ്ങൾ കരുതുന്നത് എങ്കിൽ, അന്തഃകരണത്തിന്റെ നിരവധി പതിപ്പുകൾ ലോകത്തിലുണ്ടെന്ന് നിങ്ങൾക്ക് സമ്മതിക്കേണ്ടിവരും. അപ്പോൾ ഉള്ളിലുള്ള ഈശ്വരന്റെ ആന്തരശബ്ദം പലരോടും പല കാര്യങ്ങളാണ് പറയുന്നത് എന്ന് നിങ്ങൾക്ക് അംഗീകരിക്കേണ്ടിവരും. ഒരാളോട് അത് മാംസം കഴിക്കാൻ പറയും, മറ്റൊരാളിനെ അത് വിലക്കും!



വ്യത്യാസങ്ങൾ എന്തെന്നാൽ, വ്യത്യസ്ത സമൂഹങ്ങളിൽ നിലനിൽക്കുന്നത് വ്യത്യസ്ത നിയമങ്ങളാണ്. അത് അന്ത:കരണത്തിന്റെ, മന:സാക്ഷിയുടെ ശബ്ദമല്ല. നിങ്ങൾ നിങ്ങളുടെ മന:സാക്ഷിയുടെ ശബ്ദം കേൾക്കുന്ന ആ ദിവസം, ശരിക്കുള്ള മന:സാക്ഷി നിങ്ങൾ അനുഭവിക്കുമ്പോൾ, ആ ശബ്ദം ലോകത്തെങ്ങും ഒന്നുതന്നെ ആണെന്ന് മനസ്സിലാവും.

അത് പല ശബ്ദമല്ല. വ്യത്യസ്ത മന:സാക്ഷികളില്ല, ഹിന്ദുവിന്റെ മന:സാക്ഷി, അഥവാ മുസ്ലിമിന്റെ മന:സാക്ഷി, അഥവാ ക്രിസ്ത്യാനിയുടെയോ ജൈനന്റെയോ മന:സാക്ഷി എന്നിങ്ങനെ. പക്ഷേ നിങ്ങൾ 'മന:സാക്ഷി' എന്നു വിളിക്കുന്നത് ഹിന്ദുവിന് വേറെയാണ്, ജൈനന് വേറെയാണ്, ബൗദ്ധന് വേറെയാണ്. ഹിന്ദുക്കൾക്കിടയിൽത്തന്നെ, അത് ഉന്നതകുലത്തിലെ ബ്രാഹ്മണന് ഒരു ശബ്ദമാവും, ഭരണകർത്താവായ ക്ഷത്രിയന് മറ്റൊന്നാവും, സേവിക്കുന്ന ശൂദ്രന് വേറെയാവും.




സമൂഹങ്ങൾ വളരെ ബുദ്ധിശാലികളാണ്. നിങ്ങളുടെ ആന്തരശബ്ദം നിങ്ങൾക്ക് കേൾക്കാനാവുന്നതിനു മുമ്പേ, അത് നിങ്ങളിൽ ഒരു ശബ്ദം അടിച്ചേൽപ്പിക്കുന്നു, എന്നിട്ട് അതാണ് നിങ്ങളുടെ ആന്തരശബ്ദം എന്ന് നിങ്ങളോട് പറയുന്നു. എന്നിരുന്നാലും സമൂഹത്തിന് മറ്റൊരു തരത്തിൽ ചെയ്യാനാവില്ല, എന്തുകൊണ്ട് ഇത് ചെയ്യുന്നു എന്നതിന് പല കാരണങ്ങളുണ്ട്. സമൂഹത്തെ കുറ്റം പറഞ്ഞിട്ട് ഒരു കാര്യവുമില്ല എന്തെന്നാൽ, ഓരോ സമൂഹത്തിനും അതിന്റേതായ പ്രശ്നങ്ങളുണ്ട്.

ഓരോരുത്തർക്കും അവരവരുടെ യഥാർത്ഥ ആന്തര മന:സാക്ഷി കണ്ടെത്താനാവില്ല. സമൂഹവും മനുഷ്യന് ഒരു മന:സാക്ഷി നൽകാതിരുന്നാൽ, അപ്പോൾ മനുഷ്യൻ ഒരു മൃഗമായിത്തീരും. അപ്പോൾ, സമൂഹത്തിന് അത് നിങ്ങൾക്കു വിട്ടുതരാം. എന്നാൽ, നിങ്ങൾ അത് സ്വയം കണ്ടെത്തുന്നതുവരെ സമൂഹത്തിന് അത് നിങ്ങൾക്കു വിട്ടുതരാനാവില്ല എന്തെന്നാൽ, നിങ്ങൾ ഒരു മൃഗത്തെപ്പോലെ പെരുമാറുമെന്ന് അതിന് ഭയമുണ്ട്. നിങ്ങൾ നിങ്ങളുടെ യഥാർത്ഥ മന:സാക്ഷി കണ്ടെത്തുമെന്നത് തീർച്ചയില്ലാത്ത കാര്യമാണ്. സമൂഹം അത് നിങ്ങൾക്ക് വിട്ടുതരികയും, നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം മന:സാക്ഷി കണ്ടെത്താനാവാതെ വരികയും ചെയ്താൽ, സമൂഹത്തിന് ഒരു മന:സാക്ഷി നിങ്ങൾക്ക് നൽകാനുള്ള സമയവും അതിക്രമിച്ചേക്കും.

ഇക്കാരണത്താലാണ് മതത്തിന്റെ പ്രഭാവം കുറവുള്ള സമൂഹങ്ങളിൽ, കുടുംബം നൽകുന്ന വിദ്യാഭ്യാസം ക്ഷയിക്കുമ്പോൾ, വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്തം




മതനിരപേക്ഷ ഭരണകൂടങ്ങൾ ഏറ്റെടുക്കുമ്പോൾ, യഥാർത്ഥ മന:സാക്ഷിയുടെ ശബ്ദം ഉയരില്ലെന്നു മാത്രമല്ല, കപട മന:സാക്ഷി(pseudo-conscience)യുടെ ശബ്ദവും അപ്രത്യക്ഷമാവുന്നു. ഈ സാഹചര്യത്തിൽ, മനുഷ്യർ ഭോഗാസക്തമായ, അധാർമ്മികമായ സമൂഹത്തിൽ ജീവിക്കാൻ തുടങ്ങുന്നു, അത് ഏറെക്കുറെ മനുഷ്യനിലും താണ നിലയിലാവും. അത്തരം സമൂഹം നിസ്സഹായമാവും, എന്തെന്നാൽ ആ സമൂഹത്തിലെ മനുഷ്യരെ വിശ്വസിക്കാനാവില്ല.

അപ്പോൾ, നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം മന:സാക്ഷി തെരയാനാവുന്നതിനു മുമ്പ്, സമൂഹം നിങ്ങളിൽ ഒരു പകരം മന:സാക്ഷി സൃഷ്ടിക്കുന്നു. ഓരോ സമൂഹവും ഇത് വിഭിന്ന രീതിയിൽ ചെയ്യുന്നുണ്ട്, എന്തെന്നാൽ ഓരോ സമൂഹത്തിനും ഒരു വ്യത്യസ്തമായ ധാരണയാണുള്ളത്, വ്യത്യസ്തമായ വിശ്വാസ സമ്പ്രദായവും പാരമ്പര്യവും സംസ്കാരവുമാണുള്ളത്.

ഒരുവൻ സ്വന്തം സഹോദരസന്താന(first cousin)ത്തെ വിവാഹം ചെയ്യുന്നത് ഒരു സമൂഹത്തിന് സങ്കൽപിക്കാനേ പറ്റുന്നില്ല. അവർക്ക് അതെപ്പറ്റി ചിന്തിക്കാൻ കഴിയില്ല. പക്ഷേ മറ്റൊരു സമൂഹത്തിന് നിഷ്പ്രയാസം അതിന് കഴിയും. അവർക്കത് നിഷ്പ്രയാസം കഴിയുമെന്നു മാത്രമല്ല, അവരതാണ് ഇഷ്ടപ്പെടുന്നതും. അതിൽ യാതൊരു പ്രശ്നവും അവർ കാണുന്ന ില്ല. അതൊക്കെ അവരുടെ സാമൂഹിക വിശ്വാസങ്ങളെ ആശ്രയിച്ചിരിക്കും. ഒരു സമൂഹത്തിന്റെ വിശ്വാസ സമ്പ്രദായം ആയിരക്കണക്കിന് വർഷങ്ങളായുള്ള അവരുടെ പ്രത്യേക ഭൂമിശാസ്ത്രപരമായ, ചരിത്രപരമായ, സാംസ്കാരികമായ പാരമ്പര്യത്തിൽ നിന്നാണ് വരുന്നത്.




ഇന്ത്യയിൽ ചില ജനങ്ങളുണ്ട്, ഉദാഹരണമായി രാജസ്ഥാനിൽ, അവരിൽ ചില പ്രത്യേക ഗ്രൂപ്പിന്റെ പാരമ്പര്യം എന്തെന്നാൽ, ഒരു യുവാവ് നിപുണനായ ഒരു

കള്ളനാവാത്തിടത്തോളം അവന് വിവാഹത്തിന് ഒരു വധുവിന്റെ കരങ്ങൾ കിട്ടില്ല. എത്ര കവർച്ചകൾ നടത്തിയിട്ടുണ്ടെന്ന്, എത്ര കൊള്ളയിൽ പങ്കെടുത്തിട്ടുണ്ടെന്ന്, വധുവിന്റെ കുടുംബക്കാർ അവനോട് തിരക്കും. കൂടാതെ, കവർച്ച നടത്തിയതിന് എത്ര തവണ അവൻ ജയിലിലായിട്ടുണ്ടെന്നും. ഒരു പയ്യൻ കവർച്ചയോ ഭവനഭേദനമോ ഒന്നും നടത്തിയിട്ടില്ലെങ്കിൽ, അ ഥവാ ഒരിക്കലും തടവിലാക്കപ്പെട്ടിട്ടില്ലെങ്കിൽ, അത്തരം 'ഒന്നിനും കൊള്ളാത്ത' ഒരുത്തന്റെയൊപ്പം പെണ്ണിനെ അയയ്ക്കാൻ ഒരു കുടുംബവും തയ്യാറാവില്ല! ഇത് നിങ്ങൾ വിശ്വസിക്കുന്നോ? അപ്പോൾ, കള്ളന്മാരുടെ സമൂഹമുണ്ട്, അവിടെ മോഷണം ഒരു സാധാരണ ചെയ്തിയാണ്. അത്തരം സമൂഹത്തിൽ, മോഷ്ടിക്കുന്നതിനുള്ള നൈപുണ്യം ഒരു യോഗ്യതയാണ്!



പാകിസ്ഥാൻ അതിർത്തിയിൽ പഖ്ത്തൂണുകൾ ഉണ്ട്. എന്റെ ഒരു സുഹൃത്ത് പഖ്ത്തൂണിസ്ഥാനിലേക്ക് ഒരു സന്ദർശനം നടത്തി, തിരിച്ചു വന്നപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞത്, അദ്ദേഹം പഖ്ത്തൂണുകളുടെ പ്രദേശത്ത് പ്രവേശിച്ചുകഴിഞ്ഞപ്പോൾ കിട്ടിയ ഉപദേശം, സൂര്യാസ്തമയം കഴിഞ്ഞാൽ തുറന്ന ജീപ്പിൽ ഒരു കാരണവശാലും യാത്ര ചെയ്യരുത്, എന്തെന്നാൽ പഖ്ത്തൂൺ ബാലന്മാർ മിക്കപ്പോഴും ഡ്രൈവർമാരെ അല്ലെങ്കിൽ യാത്രികരെ വെടിവയ്ക്കും എന്നാണ്.

അദ്ദേഹം പറഞ്ഞു, "പക്ഷേ ഞാൻ ആരുമായും വഴക്കിടുകയോ ലഹളയുണ്ടാക്കുകയോ ചെയ്യുന്നില്ലല്ലോ. അപ്പോൾ എന്നെയെന്തിന് വെടിവയ്ക്കണം?" വഴക്കിന്റെയോ ലഹളയുടെയോ വിഷയമല്ല ഇത്. കേവലം ലക്ഷ്യപരിശീലനമാണിത്. ഉന്നം പിടിക്കാനായി ചെറുപ്പക്കാർ പഠിക്കുകയാണ്. ഓടിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ ആരോ പോകുന്നത് അവർ കാണുന്നു, അവർ അയാളെ വെടിവയ്ക്കുന്നു! അവരുടെ യുക്തി എന്തെന്നാൽ, ഉന്നം പഠിക്കുന്നതിനായി ഒരു പക്ഷിയെ വെടി വയ്ക്കാമെങ്കിൽ, അതേ കാരണത്തിന് ഒരു മനുഷ്യനെ വെടിവയ്ക്കുന്നതിലെന്താണ് പ്രശ്നം? ഇതാണവരുടെ യുക്തി. തന്നെയുമല്ല, പിന്നീട് ഒരു മനുഷ്യനെയാണ് നിങ്ങൾക്ക് കൊല്ലേണ്ടത് എങ്കിൽ, എന്തിന് പാവം പക്ഷികളെ ഇതിൽ ഉൾപ്പെടുത്തണം? ശരിക്കുള്ള ലക്ഷ്യങ്ങളിൽത്തന്നെ എന്തുകൊണ്ട് ഉന്നം വച്ചുകൂടാ? എന്നിരുന്നാലും ഒരു പഖ്ത്തൂൺ ബാലന് അവൻ ചെയ്യുന്നതു സംബന്ധമായി ഒരു



മന:സാക്ഷിക്കുത്തും ഉണ്ടാവില്ല എന്തെന്നാൽ, അത് അവന്റെ സമൂഹത്തിൽ ഒരു പ്രശ്നമല്ല.

ജപ്പാനിൽ ആത്മഹത്യ വളരെ അന്തസ്സുറ്റ പ്രവൃത്തിയായിട്ടാണ് കരുതപ്പെടുന്നത്.



ഒരു മനുഷ്യൻ ഏതെങ്കിലും തരത്തിൽ അവന്റെ കടമ നിർവഹിക്കുന്നതിന് പരാജയപ്പെടുകയാണെങ്കിൽ, അയാൾ ആത്മഹത്യ ചെയ്യുന്നത് ആദരണീയമായി കണക്കാക്കപ്പെടും. അത് മഹനീയവും ധാർമ്മികവുമാണെന്ന് അവർ കരുതുന്നു, ജാപ്പനീസ് മന:സാക്ഷി, ഉടനടി ആത്മഹത്യ ചെയ്യുന്നതിന് അയാളെ പ്രേരിപ്പിക്കുന്നു. അയാളത് ചെയ്തില്ലെങ്കിൽ അതൊരു അവഹേളനമായാണ് കരുതപ്പെടുക. അതിനാൽ, ജപ്പാനിൽ 'ഹരാകിരി', എന്നുവച്ചാൽ ആത്മഹത്യ, ഒരു പതിവു പ്രവൃത്തിയാണ്. ലോകത്ത് മറ്റൊരിടത്തും അത് ഇത്രയധികം നടക്കുന്നില്ല. നമുക്കിത് വളരെ വിചിത്രമായി തോന്നുന്നു.

പക്ഷേ ഇവിടെ ഇന്ത്യയിലും, ജൈനന്മാർ വിശ്വസിക്കുന്നത് 'സന്താര', മരണം വരെയുള്ള ഉപവാസം, വളരെ ആദരണീയമായ പ്രവൃത്തിയാണെന്നാണ്. ഒരു മതപരമായ




ചടങ്ങായി നടത്തപ്പെടുന്ന ഉപവാസത്തിനിടയ്ക്ക് ആരെങ്കിലും മരിച്ചാൽ, മരണം സംഭവിക്കുന്നത് ധ്യാനത്തിനിടയ്ക്കാണെങ്കിൽ, ജൈനന്മാർ അതിനെ ആത്മഹത്യ എന്ന് വിളിക്കില്ല. ഇതാണ് 'സന്താര.' അയാൾ വളരെയധികം ആദരിക്കപ്പെടും, എന്തെന്നാൽ അയാൾ ഉചിതമായ രീതിയില ാണ് അയാളുടെ ശരീരം ഉപേക്ഷിച്ചത് എന്ന് വിശ്വസിക്കപ്പെടും. എന്നാൽ മറ്റേതൊരു രാജ്യത്തും ഇത് ആത്മഹത്യയായി കരുതപ്പെടും, നിയമത്തിന്റെ കണ്ണിൽ അയാൾ ഒരു ക്രിമിനലാവും. ഇത് നോക്കൂ!

നിങ്ങൾ ലോകത്തിലെ വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങളെപ്പറ്റി ചിന്തിച്ചാൽ തിരിച്ചറിയും, ലക്ഷക്കണക്കിന് മന:സാക്ഷികളുണ്ട്. ലക്ഷക്കണക്കിന് മന:സാക്ഷികൾ-ബഹുവചനം! ഇത് ആധികാരികമായ മന:സാക്ഷിയല്ല. അല്ല! ദയവായി ശ്രദ്ധിച്ചാലും, ആധികാരികമായ മന:സാക്ഷിയെന്നത് എല്ലാ ജനങ്ങൾക്കും ഒന്നുതന്നെയാവണം. ആ ശബ്ദം കൃത്യമായും ഒന്നാവണം. മറ്റെല്ലാ ശബ്ദങ്ങളും സമൂഹത്തിൽനിന്നാണ്.

പക്ഷേ കുട്ടികളിൽ ഒന്നിനെക്കുറിച്ചും അവബോധം ഇല്ലാത്തപ്പോൾ, നമ്മൾ സമൂഹത്തിന്റെ ശബ്ദം അവരിലേക്ക് തള്ളിക്കയറ്റാൻ  തുടങ്ങുന്നു, നിങ്ങൾ കുട്ടിയെ എന്തു




തന്നെ പഠിപ്പിച്ചാലും, അവനത് പഠിക്കുന്നു. ശാസ്ത്രജ്ഞർ പറയുന്നത്, മനുഷ്യൻ അവന്റെ അറിവിന്റെ 75 ശതമാനവും ആർജ്ജിക്കുന്നത് 7 വയസ്സിനു മുമ്പാണ് എന്നാണ്. ജീവിതത്തിൽ അത്യന്താപേക്ഷിതമായതിന്റെ 75 ശതമാനം! അപ്പോൾ ഈ മന:സാക്ഷി ഏറെക്കുറെ പൂർണമായി സൃഷ്ടിക്കപ്പെടുന്നത് ഒരു കുഞ്ഞിന്റെ ജീവിതത്തിലെ ആദ്യത്തെ 7 വർഷങ്ങൾകൊണ്ടാണ്, അതുകൊണ്ടുതന്നെ അത് മാറ്റുന്നത് വളരെ ശ്രമകരമായിരിക്കും, എന്തെന്നാൽ അതവന്റെ അടിത്തറയായിത്തീരുന്നു. അപ്പോൾ, ഈ അടിത്തറയിലാണ് മനുഷ്യന്റെ വ്യക്തിത്വം രൂപപ്പെടുന്നത്, മനുഷ്യന്റെ മുഴുവൻ ജീവിതത്തിന്റെയും മാളിക പണിയപ്പെടുന്നത് ഈ അടിത്തറയിലാണ്. അപ്പോൾ, അവനെന്തു ചെയ്യുമ്പോഴും, ഈ മന:സാക്ഷിയുടെ ശബ്ദമാവും അവനോട് സംസാരിക്കുക. അവൻ ഈ മന:സാക്ഷിക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ ശ്രമിച്ചാൽ, അത് പറയും, "ഇത് ചെയ്തു കൂടാ."

അപ്പോൾ, സമൂഹം ഈ മന:സാക്ഷി സൃഷ്ടിക്കുന്നത് അതിന്റെ ഇരട്ട ക്രമീകരണത്തിന്റെ ഭാഗമായാണ്. ആരും തെറ്റായ ഒന്നും ചെയ്യാതിരിക്കാനായി അത് പുറമെ നിയമങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ എത്ര വിദഗ്ദ്ധമായി ബാഹ്യനിയമങ്ങൾ

സൃഷ്ടിക്കപ്പെട്ടാലും, അതിനേക്കാൾ വൈദഗ്ദ്ധ്യമുള്ള ക്രിമിനലുകൾ ഉണ്ടാവും. ഇതൊരു യാതാർത്ഥ്യമാണ്. നമുക്കൊക്കെ ഇതറിയാം. തന്നെയുമല്ല, മനുഷ്യരാണ് എല്ലാ നിയമങ്ങളും ഉണ്ടാക്കുന്നത്, അപ്പോൾ മനുഷ്യന് അവയെ തരണം ചെയ്യുന്നതിനും കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനും വഴി കണ്ടെത്താനും കഴിയും. അപ്പോൾ, നിങ്ങൾ നിയമങ്ങൾ നിർമ്മിക്കുന്തോറും, അവയെ ലംഘിക്കാനും കുറ്റം ചെയ്യാനുമുള്ള അവന്റേതായ മാർഗങ്ങൾ മനുഷ്യൻ കണ്ടെത്തും. പുറമേക്ക് ആ നിയമങ്ങൾ എത്രമാത്രം കർക്കശമാണ് എന്നത് വിഷയമല്ല, കുറ്റകൃത്യങ്ങൾ പൂർണമായും ഒഴിവാക്കുന്നതിന് കഴിയില്ല.

അതിനാൽ സമൂഹം മറ്റൊരു ക്രമീകരണം ചെയ്യുന്നു. അത് മനുഷ്യന്റെയുള്ളിൽ ഒരു മന:സാക്ഷിയെയും സൃഷ്ടിക്കുന്നു. പുറമെ, നിയമത്തോടുള്ള ഭയം കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽനിന്ന് അവനെ തടയുന്നു. ഇതൊരു ബാഹ്യമായ ക്രമമാണ്, അതേസമയം അകമേ, അവന്റെ സ്വന്തം മന:സാക്ഷി തെറ്റു ചെയ്യുന്നതിൽനിന്ന് അവനെ വിലക്കുന്നു, “ഇതു ചെയ്തു കൂടാ. ഇതൊരു പാപമാണ്” എന്ന് അവനെ ഓർമ്മിപ്പിച്ചുകൊണ്ട്.




നിങ്ങൾക്ക് വല്ല വിധേനയും നിയമം അവഗണിക്കാം. പക്ഷേ നിങ്ങളുടെ സ്വന്തം മന:സാക്ഷിയുടെ കുറ്റപ്പെടുത്തൽ അവഗണിക്കുക വളരെ പ്രയാസമാണ്. ഇക്കാരണത്താലാണ് സ്വന്തം മന:സാക്ഷിയെ അനുസരിക്കുന്ന ഒരുവൻ സമൂഹത്തിൽ കൂടുതൽ ബഹുമാനിക്കപ്പെടുന്നത്, അതേസമയം സ്വന്തം മന:സാക്ഷിയെ അനുസരിക്കാത്തവൻ പഴിക്കപ്പെടുകയും ചെയ്യുന്നു. സ്വന്തം മന:സാക്ഷിയെ അനുസരിക്കുന്നവനെ നന്മയുള്ളവനായി കരുതപ്പെടുന്നു, അങ്ങനെയല്ലാത്തവൻ പാപിയായി കരുതപ്പെടുന്നു അഥവാ കണക്കാക്കപ്പെടുന്നു.




സ്വന്തം മന:സാക്ഷിയെ അനുസരിക്കുന്നവന് സമൂഹം സ്വർഗം വാഗ്ദാനം ചെയ്യുന്നു, അങ്ങനെയല്ലാത്തവനെ നരകശിക്ഷയാൽ ഭീഷണിപ്പെടുത്തുന്നു. അപ്പോൾ, ഇതാണാ ആന്തര ക്രമീകരണം.

അപ്പോൾ, ഈ സമൂഹം സൃഷ്ടിക്കുന്ന മന:സാക്ഷി കാരണം ഒരു ബാഹ്യ സജ്ജീകരണമുണ്ട്, ആന്ത ര സജ്ജീകരണവുമുണ്ട്. പക്ഷേ ദയവുചെയ്ത് ഓർക്കുക, അത് നിങ്ങളുടെ യഥാർത്ഥ മന:സാക്ഷിയേ അല്ല. ഒരു വശത്ത്, അത് പുറമെയുള്ള കോടതികളാണ്, അവ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തി നിരോധന ഉത്തരവുകൾ നൽകിക്കൊണ്ടിരിക്കും. മറുവശത്ത്, കോടതികളിൽ പിന്നീട് എത്തുന്ന ആന്തര നിരോധനങ്ങൾ, ആ സമൂഹം നിങ്ങളിൽ നട്ടുപിടിപ്പിച്ചവയാണ്. അതുകൊണ്ട്, സമൂഹം സൃഷ്ടിച്ച മന:സാക്ഷിയെ നിങ്ങൾ അനുസരിക്കേണ്ടതാണെന്ന് ഈ കോടതി നിർബന്ധിക്കുകയും ചെയ്യുന്നു. നിങ്ങൾ അത് അനുസരിച്ചേ മതിയാവൂ, അല്ലാതിരുന്നാൽ നിങ്ങൾ ശിക്ഷിക്കപ്പെടും.




അപ്പോൾ മനുഷ്യൻ, അവന് തെറ്റൊന്നും ചെയ്യാനാവാത്ത വിധത്തിൽ, ഈ രണ്ടിനുമിടയ്ക്ക് ബന്ധനാണ്. ഇത്തരത്തിൽ, അവന് തെറ്റ് ചെയ്യുന്നത് ഒഴിവാക്കാൻ കഴിയും.

ഇവിടെ എനിക്ക് പറയാനുള്ളത്, തെറ്റ് ചെയ്യാതിരിക്കുക എന്നതും ശരി ചെയ്യുക എന്നതും ഒരേ കാര്യമല്ല എന്നതാണ്. ഈ രണ്ട് പ്രതിബന്ധങ്ങൾ മൂലം, മനുഷ്യൻ അധാർമ്മികനാവുന്നില്ല എന്ന് പറയാൻ പറ്റും. പക്ഷേ അധാർമ്മികനാവാതിരിക്കുക എന്നതും ധാർമ്മികനായിരിക്കുക എന്നതും ഒരേ കാര്യമല്ല. നിങ്ങൾ ഒരു ക്രിമിനലോ സാമൂഹികവിരുദ്ധനോ ആകാതിരിക്കുന്നതിന് സാധ്യതയുണ്ട്; എന്നാൽ ഒരു ക്രിമിനലോ സാമൂഹികവിരുദ്ധനോ ആകാതിരിക്കുക എന്നതും ധാർമ്മികനാ(religious)വുക എന്നതും ഒരേ കാര്യമല്ല. ഇത് വളരെ നെഗറ്റീവായ സജ്ജീകരണമാണ്. അപ്പോൾ, നമ്മൾ ഈ പിശക്, ‘നമ്മുടെ മന:സാക്ഷി എന്ന് ധരിച്ചിരിക്കുന്നത് യഥാർത്ഥ മന:സാക്ഷിയല്ല’(*what we think is our conscience is not the real conscience*) എന്നത്, വിശകലനം ചെയ്തു കഴിഞ്ഞു. സമൂഹം വികസിപ്പിച്ചതെന്ന് നാം കരുതുന്ന മന:സാക്ഷിയെക്കുറിച്ചും നമ്മൾ ചർച്ച ചെയ്തു, അത് രണ്ടു തരത്തിലാണ് പ്രവർത്തിക്കുക-പുറ മെയുള്ള മാർഗത്തിലും അകമേയും. അകമേയുള്ളത് നിങ്ങളോട് പറയുന്നത്, നിങ്ങൾ അതിനെതിരായി പ്രവർത്തിച്ചാൽ അതൊരു

പാപമാവും എന്നാണ്. സമൂഹത്തിന്റെ സൃഷ്ടിക്കപ്പെട്ട മന:സാക്ഷിയെ നിങ്ങൾ അനുസരിച്ചാൽ, പുറമെയുള്ള മാർഗം നിങ്ങൾക്ക് ആദരവ് നേടിത്തരും.

കൂടുതലായി അടുത്ത പ്രഭാഷണത്തിൽ നമുക്ക് വിശകലനം ചെയ്യാം.

സായിരാം. നിങ്ങൾക്ക് നന്ദി.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)